**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3191** **11-03-2025 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടന-പൈതൃക വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീർത്ഥാടന-പൈതൃക വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർത്ഥാടന സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് . തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് തത്വമസി എന്ന പേരിലും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. കൂടാതെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭ- ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട് എന്ന പദ്ധതിക്കും ശബരിമല – എരുമേലി – പമ്പ – സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട് എന്ന പദ്ധതിക്കും അനുമതി നൽകുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് .<br><br>• ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളുടെ മുൻവശം ദീപാലങ്കാര പ്രവൃത്തികൾ ചെയ്യുന്നതിനായി തലസ്ഥാന നഗരിയിൽ 5 സോണുകളിലായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 27 പൈതൃക കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.<br>• തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട് ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചിട്ടുള്ള 8 പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് .<br>• കിഫ്ബി ഫണ്ട് ഉപയോഗിച്ചിട്ടുള്ള 8 പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • മുസിരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി മുസിരീസിലും, ആലപ്പുഴയിലും, പൊന്നാനിയിലുമായി 11 പുനരുദ്ധാരണ പ്രവർത്തനങ്ങളും, 17 അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>പ്രവൃത്തികളുടെ വിശദമായ പട്ടിക **<u>അനുബന്ധം 1</u>** ആയി ചേർക്കുന്നു. ഈ പദ്ധതികൾക്ക് പുറത്ത് ടൂറിസം വകുപ്പ് ഫണ്ട് അനുവദിച്ച് നടപ്പിലാക്കിയ പ്രവർത്തികൾ **<u>അനുബന്ധം- 2</u>** ആയും **<u>അനുബന്ധം- 3</u>** ആയും ചേർക്കുന്നു. |
| (ബി) | തീർത്ഥാടന ടൂറിസം വികസിപ്പിക്കുന്നതിന് റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | തീർത്ഥാടന ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി തീർത്ഥാടനത്തിനെത്തുന്ന സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് . മുസിരിസ് പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ പറവൂർ മേഖലയിൽ 9 ഓളം റോഡുകൾ നവീകരിച്ചിട്ടുണ്ട് . കൂടാതെ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ 1.0 സ്കീമിൽ ഉൾപ്പെടുത്തി ശബരിമലയിൽ നടപ്പാത ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ സാധ്യമാക്കിയിട്ടുണ്ട്. |
| (സി) | ശബരിമലയിലെ തീർത്ഥാടന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; വ്യക്തമാക്കാമോ; | (സി) | ശബരിമലയിലെ തീർത്ഥാടന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ 1.0 സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ “Development of Sabarimala- Erumali-Pamba under Swadesh Darshan Scheme in Kerala” എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം മൈക്രോ സൈറ്റുകളാണ് തീർത്ഥാടന/ പൈതൃക ടൂറിസവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നതെന്നുള്ള വിശദാംശം നൽകാമോ? | (ഡി) | തീർത്ഥാടന/പൈതൃക ടൂറിസവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള മൈക്രോ സൈറ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>Microsite on Sabarimala</u>**<br><br>ശബരിമല ദർശനത്തെ കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, ഭൂമിശാസ്ത്രപരമായ വിശദാംശങ്ങൾ, സാംസ്കാരിക സ്ഥിതിവിവരക്കണക്കുകൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ എന്നിവ മൈക്രോസൈറ്റിൽ ഉൾക്കൊള്ളുന്നു. സമഗ്രമായ ഉള്ളടക്കത്തിനൊപ്പം തീർഥാടകർക്ക് യാത്രാപദ്ധതി കൃത്യമായി ആസൂത്രണം ചെയ്യാനും മൈക്രോസൈറ്റ് സഹായിക്കും.<br><br>**<u>Microsite on Temples of Kerala</u>** |

കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളുടെ വീഡിയോ ദൃശ്യങ്ങൾ പകർത്തിയെടുത്ത് ക്ഷേത്ര നിർമ്മിതികളെക്കുറിച്ച് കൂടുതലറിയുവാൻ താൽപപ്പര്യമുള്ള സഞ്ചാരികളെ സഹായിക്കുന്നതിന് ക്ഷേത്ര ശിൽപകല എന്ന വിഷയത്തെ ആധാരമാക്കി ഒരു മൈക്രോസൈറ്റ് നിർമ്മിച്ചിട്ടുണ്ട്.

**Microsite on Christianity in Kerala**

കേരളത്തിന്റെ ക്രിസ്ത്യൻ പാരമ്പര്യം വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് Christianity in Kerala എന്ന വിഷയത്തെ ആസ്പദമാക്കി മൈക്രോസൈറ്റ് നിർമ്മിച്ചിട്ടുണ്ട്.

**Microsite on Judaism in Kerala**

ജൂതസാന്നിധ്യം വെളിവാക്കുന്ന ആരാധനാലയങ്ങളും പൗരാണിക മന്ദിരങ്ങളും കേരളത്തിലുണ്ട്. ഇതുകൂടാതെ യഹൂദ സംസ്കൃതികളുമായി ബന്ധപ്പെട്ട ഒട്ടേറെ കൗതുക വസ്തുക്കൾ കേരളത്തിലെ പല മ്യൂസിയങ്ങളിലുമുണ്ട്. ഇവയെല്ലാം കൂട്ടി ച്ചേർത്തുകൊണ്ട് Judaism in Kerala എന്ന വിഷയത്തെ ആസ്പദമാക്കി മൈക്രോ സൈറ്റ് നിർമ്മിച്ചിട്ടുണ്ട്.

**Microsite on Thalassery Heritage Project**

കേരളത്തിന്റെ ബൃഹത്തായ ടൂറിസം പദ്ധതിയാണ് തലശ്ശേരി പൈതൃക പദ്ധതി. തലശ്ശേരിയുടെ പൈതൃകത്തെക്കുറിച്ചും അവിടെ നിലവിലുള്ള പൈതൃക മന്ദിരങ്ങളെക്കുറിച്ചും വിവിധ ടൂറിസം സർക്യൂട്ടുകളെക്കുറിച്ചുമുള്ള വിവരങ്ങൾ ഈ മൈക്രോ സൈറ്റിൽ ലഭ്യമാണ്.

**Microsite on Islam**

കേരളത്തിലെ ഇസ്ലാം മതത്തിന്റെ സാമൂഹിക സാംസ്കാരിക പരിണാമം പ്രദർശിപ്പിക്കുന്ന മൈക്രോസൈറ്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇസ്ലാം മതത്തിലെ സവിശേഷമായ ആചാരങ്ങൾ, കലകൾ, ഉത്സവങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ സമഗ്ര വിവരങ്ങൾ മൈക്രോസൈറ്റിൽ ഉൾപ്പെടും.

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## ട്രാവൻകൂർ ഹെരിറ്റേജ് പദ്ധതി

ട്രാവൻകൂർ ഹെരിറ്റേജ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളുടെ മുൻവശം ദീപാലങ്കാര പ്രവൃത്തികൾ ചെയ്യുന്നതിനായി തലസ്ഥാന നഗരിയിൽ 5 സോണുകളിലായി 35.60 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും അതിൽ 27 പൈതൃക കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

- പബ്ലിക് ഓഫീസ് കെട്ടിടം
- കനകക്കുന്ന് പാലസ്
- കെറ്റിഡിസി മാസ്കറ്റ് ഹോട്ടൽ
- സി എസ് ഐ ക്രൈസ്റ്റ് ചർച്ച്
- ഫൈൻ ആർട്സ് കോളേജ്
- നേപ്യർ മ്യൂസിയം
- സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
- യൂണിവഴ്സിറ്റി കോളേജ്
- ഗവ. കോളേജ് ഹോസ്റ്റൽ ഫോർ മെൻ
- LMS വിൽസ് ഹോസ്റ്റൽ ഫോർ മെൻ
- ഇടക മാറ്റീർ മെമ്മോറിയൽ ചർച്ച്
- സെന്റ് ജോസഫ് ചർച്ച്
- കണ്ണിമാറാ മാർക്കറ്റ് ഗേറ്റ്
- എജി ഓഫീസ്
- ഈസ്റ്റ് ഫോർട്ട്
- പഴവങ്ങാടി കോട്ട
- വെട്ടിമുറിച്ച കോട്ട
- ശ്രീവരാഹം കോട്ട
- വെസ്റ്റ് ഫോർട്ട് ഗേറ്റ്
- സാൻസ്ക്രീറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് യൂണിവഴ്സിറ്റി കോളേജ്
- ട്രിഡാ ഓഫീസ് കെട്ടിടം
- കേരള മ്യൂസിയം ഓഫ് ആർട് & ഹിസ്റ്ററി
- പോലീസ് ഹെഡ്കോട്ടേഴ്സ്
- ബാങ്ക് ഹൗസ്
- ശ്രീ. ശക്തി വിനായക ടെമ്പിൾ
- പാളയം ജുമാ മസ്ജിദ്
- സുന്ദരവിലാസം പാലസ്

## സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട് ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

### നിർവ്വഹണം പൂർത്തീകരിച്ച പദ്ധതികൾ

- കൊട്ടിയൂർ ടെമ്പിൾ – ടൂറിസം സ്പിരിയൻസ് സ്ട്രീറ്റ്
- സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് –സ്ട്രീറ്റ് ഡെവലപ്പ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ
- ഗുണ്ടർട്ട് ബംഗ്ലോ –ഡെവലപ്മെന്റ് ഓഫ് മ്യൂസിയം കമ്പോണന്റ്സ്
- തൊടീക്കളം ടെമ്പിൾ ഡെവലപ്പ്മെന്റ് ഓഫ് മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് മ്യൂസിയം അമിനിറ്റീസ്–
- മൃദംഗ ശൈലേശ്വരി ടെമ്പിൾ ഡെവലപ്പ്മെന്റ് ഓഫ് – പഴശ്ശി മ്യൂസിയം & ഗ്യാലറി
- ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ – മ്യൂസിയം ഓഫ് മ്യൂസിക്
- വള്ളിയൂർകാവ് – വിപണ കേന്ദ്രത്തിന്റെയും പ്രദർശന ശാലയുടെയും വികസനം
- താഴെ അങ്ങാടി തെരുവ് വികസനം

### പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നവ

- ജഗന്നാഥ ടെമ്പിൾ – മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോമ്സ്

## കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

കിഫ്ബി മുഖാന്തരം തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

### നിർവ്വഹണം പൂർത്തീകരിച്ച പദ്ധതികൾ

- അണ്ടല്ലൂർക്കാവ്
- കൊട്ടിയൂർ ശിവ ക്ഷേത്രം സ്ട്രീറ്റ്സ്കേപ്പ്
- മക്രേരി ക്ഷേത്രം സുബ്രമണ്യ ക്ഷേത്രം
- ജഗന്നാഥ ക്ഷേത്രം
- പിണ്ടലി കളരി ഹൗസ്
- ഇല്ലിക്കുന്ന് ചർച്ച്
- ശ്രീ ചിറക്കൽ കാവ് ഭഗവതി ക്ഷേത്രം വള്ളിയൂർക്കാവ് ക്ഷേത്രം
- വൈരിഘാതകൻ

## പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നവ

- പുരളി മല ക്ഷേത്രം
- ശ്രീ ഊർപ്പഴച്ചിക്കാവ് ക്ഷേത്രം
- ജഗന്നാഥ ക്ഷേത്രം മ്യൂസിയം വർക്ക്
- കൊട്ടിയൂർ ക്ഷേത്രം – ടൂറിസ്റ്റ് അമിനിറ്റീസ്
- കതിരൂർ സൂര്യനാരായണ ക്ഷേത്രം
- തിരുവെങ്ങാട് ക്ഷേത്രം
- കക്കുളങ്ങര മോസ്ക്
- പഴശ്ശി സ്മൃതി മണ്ഡപം
- ശ്രീ.മൃദംഗശൈലേശ്വരി ക്ഷേത്രം

## മുസിരീസ് പൈതൃക പദ്ധതി

മുസിരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി മുസിരിസിലും, ആലപ്പുഴയിലും, പൊന്നാനിയിലുമായി 11 പുനരുദ്ധാരണ പ്രവർത്തനങ്ങളും, 17 അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

## പുനരുദ്ധാരണ പ്രവർത്തനങ്ങൾ

- ചേരമാൻ ജുമാ മസ്ജിദ്
- കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം
- കീഴ്തളി ശിവക്ഷേത്രം
- മാള സിനഗോഗ്
- ഐരാണിക്കുളം ശിവക്ഷേത്രം
- ചേന്ദമംഗലം സിനഗോഗ്
- പറവൂർ സിനഗോഗ്
- ഹോളി ക്രോസ് ചർച്ച്,
- മക്കാം മസ്ജിദ്, ആലപ്പുഴ
- സൗക്കർ മസ്ജിദ്, ആലപ്പുഴ
- മിസിറി പള്ളി, പൊന്നാനി

## അടിസ്ഥാന സൗകര്യ വികസനം

- ഉദയ മംഗലം ക്ഷേത്രം, ടി കെ എസ് പുരം
- ശ്രീനാരായണപുരം കൃഷ്ണ ക്ഷേത്രം
- തിരുവഞ്ചിക്കുളം ക്ഷേത്രം
- മഞ്ഞുമാത പള്ളി
- അഴീക്കോട് മാർത്തോമ പള്ളി
- ആറങ്കാവ് ഭഗവതി ക്ഷേത്രം,
- ചേന്ദമംഗലം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം,

- ചേന്ദതൃക്കോവിൽ, പാലിയം
- കുന്നത്തുതളി മഹാദേവ ക്ഷേത്രം
- കോട്ടക്കാവ് പള്ളി
- പുതിയക്കോവ് ശിവക്ഷേത്രം
- ഗോതുരുത്ത് ചെറിയ പള്ളി
- ഗോതുരുത്ത് വലിയ പള്ളി
- മൂകാംബിക ക്ഷേത്രം പറവൂർ
- തൃക്കുലശേഖരപുരം ശ്രീകൃഷ്ണ ക്ഷേത്രം
- പടാകുളം അയ്യപ്പ ക്ഷേത്രം
- ശൃംഗപുരം ശിവക്ഷേത്രം

Malya Priya. C.S

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-2**

| ക്രമ. നം. | ജില്ല | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | എറണാകുളം | • കൺസർവേഷൻ ഓഫ് കുത്താട്ടുകുളം ശ്രീ മഹാദേവ ക്ഷേത്രം (5,00,00,000 രൂപ) | വർക്ക് ഓഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2. | മലപ്പുറം | • ഡെവലപ്മെന്റ് ഓഫ് പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് ഇൻ പുന്നപ്പാല ടെംപിൾ, തിരുവാലി, മലപ്പുറം (പുനർ ഭരണാനുമതി) (6,70,000/- രൂപ) | പ്രവൃത്തികൾ പൂർത്തീയായി |
| 3. | കോഴിക്കോട് | • പിൽഗ്രിം ടൂറിസം ഡെവലപ്പ്മെന്റ് അറ്റ് ലോകനാർകാവ് ടെംപിൾ (പുനർ ഭരണാനുമതി) (4,50,00,000/- രൂപ) | പ്രവൃത്തി പൂർത്തിയായി |
| | | • മാലിക് ഇബ്ൻ ദിനാർ മസ്ജിദിന്റെ നവീകരണം, ചാലിയം, കോഴിക്കോട് (99,90,000/- രൂപ) | പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. |
| | | • പള്ളിത്തറ ക്ഷേത്രത്തിന്റെ നവീകരണം, ഫെറോക്ക്, കോഴിക്കോട് (99,50,000/- രൂപ) | പൂർത്തീകരണഘട്ടത്തിൽ |
| | | • നല്ലൂർ ശിവക്ഷേത്രത്തിന്റെ നവീകരണം, കോഴിക്കോട് (99,98,756/- രൂപ) | പദ്ധതി സാങ്കേതിക അനുമതി നേടുന്ന ഘട്ടത്തിലാണ് |
| | | • തളി ക്ഷേത്രക്കുളം സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ, കോഴിക്കോട് (1,40,00,000/- രൂപ) | കോടതിവ്യവഹാരം കാരണം ആരംഭിച്ചിട്ടില്ല. |
| 4. | കണ്ണൂർ | • ജഗന്നാഥ ടെംപിൾ മ്യൂസിയം ഓഫ് ആർട്ട്, റിനൈസൻസ് ആന്റ് സോഷ്യൽ റിഫോമ്സ് (4,98,45,267/- രൂപ) | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| | | • പള്ളിക്കുന്ന് ശ്രീ മൂകാംബിക ക്ഷേത്രം - തീർത്ഥാടന വിശ്രമ കേന്ദ്രത്തിന്റെയും അക്ഷരോദ്യാനത്തിന്റെയും അവസാന ഘട്ടപ്രവർത്തികൾ (2,50,00,000/- രൂപ) | പ്രവർത്തികൾ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | • കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തിയിൽ ഉൾപ്പെട്ടുത്തി വൈരിഗത്തകൻ ടെംബിൾ പിണറായി പഞ്ചായത്ത് കണ്ണൂർ (പുനർ ഭരണാനുമതി) (1,85,63,437/- രൂപ) | പ്രവർത്തികൾ പൂർത്തീകരിച്ചു. |
| | | • കിഫ്ബി പദ്ധതിയായ തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തിയിൽ ഉൾപ്പെട്ടുത്തി റിനവേഷൻ ഓഫ് പഴശ്ശി സ്മൃതിമണ്ഡപം, മട്ടന്നൂർ (പുനർ ഭരണാനുമതി) (36,28,54,878/- രൂപ) | പ്രവൃത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-3

| Sl.No | District | Name of Project | Status |
|---|---|---|---|
| 1. | Thiruvananthapuram | • Destination Development at Varkala 2017 - Improvement to the renovation of Theerthakulam of Sree Janardhana Swami Temple and allied Structures at Varkala | Completed |
| | | • Additional works at Theerthakulam of Sree Janardhana Swami Temple | In Progress |
| | | • Construction of Pilgrim Cum Facilitation Centre and Renovation of Pond in Udayadichapuram Temple, Kadakampally | Completed |
| | | • Construction of Amenity Center at Beemappally, Thiruvananthapuram | Completed |
| | | • Construction of Mandapam in front of Panchami Devi Temple, Pettah, Thiruvananthapuram | Completed |
| | | • Construction of Amenity Centre for Vettucaud Madre-De-Eus Church at TVM | Completed |
| | | • Construction of amenity centre at Balasubrahmanya temple, Kumarapuram | Completed |
| | | • Destination Development of Thekkan Kurishumala in Thiruvananthapuram | Completed |
| | | • Development of Tourism at Dakshina kailasam Maheswaran Siva-Parvathy Temple | In Progress |
| | | • Pilgrim Tourism Development at Swargaropitha Matha Church | In Progress |
| | | • Tourism Development project at Aniyoor in Thiruvananthapuram District | Completed |
| | | • Construction of Convention Center at Sree Narayana Gurukulam, Chempazhanthy | Completed |
| | | • Digital Musuem depicting various stages of Sreenarayana Guru's Life | Completed |
| | | • Construction of Auditorium at Kallampally Sri Durga Temple, Thiruvananthapuram | Completed |
| | | • Construction of Amenity Centre at Kusamuttam Temple, Chellamangalam Temple, Avukkulam Temple, Puthukkunnu CSI Church at Thiruvananthapuram 2019 | In Progress |

| | | | |
|---|---|---|---|
| | | • Construction of Amenity Centre at Chittoor Thampuran Sree Bhadrakali Temple at Powdikonam | Completed |
| | | • Renovation of Noorul Huda Madrassa, Ahladapuram, Chempazhanthy | In Progress |
| | | • Construction of Auditorium at Aliyavoor Siva Temple, Thiruvananthapuram | Completed |
| | | • Construction of Amenity Centre for Thenguvila Sree Mahadevi Temple at Kattayikkonam, TVM | Completed |
| | | • Construction of Amenity Hall at Kunnam Madathil Nada Devi Temple, Sreekaryam, TVM | Completed |
| | | • Pilgrim Heritage Circuit at Kolathukara, Thiruvananthapuram - Revised AS | Completed |
| | | • Pilgrim Heritage Circuit at Manvila, Kazhakkoottam | Completed |
| | | • Construction of Amenity Center at Pullattukari Sree Bhagavathy Temple, Kazhakkoottam | Completed |
| | | • Renovation of Thrippadapuram Mahadeva Temple Pond, Kulathoor | Completed |
| | | • Construction of Edathavalam facilities at Sree Mahadeva Temple, Kazhakkoottam, TVM | Completed |
| | | • Vettinadu Gandhi Smaraka Mandapam And Tourist Facilitation Cum Information Centre At Vettinadu Ooruttumandapam Temple, Thiruvananthapuram | Completed |
| | | • Construction of Amenity Center at St. Jude Pilgrim Center at Vettinadu, Thiruvananthapuram | In Progress |
| | | • Providing Basic Amenities at Aazhimala Shiva Temple, | Completed |
| 2. | Alappuzha | • Construction of tourist facilitation centre at Kanichukulangara Devi temple | All the work have been completed. Building number obtained and handed over to Kanichikulankara Devasom on 05.02.2022 |

| | | | |
|---|---|---|---|
| | | • Construction of Tourist Facility centre at Kanichukulangara Devi Temple, Alappuzha – Phase II | Completed and Building number obtained key handed over to Kanichikulankara devasom |
| 3. | Malappuram | • Mamangam – Chaverthara Heritage Tourism Project at Thirumandhamkunn Temple at Angadipuram, Malappuram | In Progress |
| 4. | Kozhikode | • Development of tourism in the pilgrim circuit at St. George Church of Kolathuvayal in Kozhikode | Completed |
| | | • Rejuvenation of Urban Heritage Core near Thali Temple Phase – 1, Kozhikkode | Completed |
| | | • Light and sound show – Rejuvenation of Urban Heritage Core Near Thali temple, Kozhikkode | Completed |
| | | • Pilgrim Tourism Development at Lokanarkavu Temple, Kozhikkode | Completed |
| 5. | Wayanad | • Renovation of tribal performing center at Illathumoola tharavadu in Mananthavadu Taluk | Completed |
| | | • THP – Valliyoorkkavu development of Market and exhibition space | Completed |
| | | • Renovation of Thirunelli temple premises, Wayanad | Completed |

Malayaja C.S

**സെക്ഷൻ ഓഫീസർ**